# തിരുവനന്തപുരം വികസന അതോറിറ്റി

## 29.06.2019 ൽ കൂടിയ തിരുവനന്തപുരം വികസന അതോറിറ്റിയുടെ

## ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിട്ട്സ്.

തിരുവനന്തപുരം വികസന അതോറിറ്റി ജനറൽ കൗൺസിൽ യോഗം 2019 ജൂൺ മാസം 29-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 2.00 മണിയ്ക്ക് ബഹുമാനപ്പെട്ട ചെയർമാൻ ശ്രീ.സി.ജയൻബാബുവിന്റെ അദ്ധ്യക്ഷതയിൽ ട്രിഡ കോൺഫറൻസ് ഹാളിൽ വെച്ച് കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങൾ പങ്കെടുത്തു.

## പങ്കെടുത്തവർ

| | | |
|---|---|---|
| 1) | ശ്രീ. ഐ.ബി. സതീഷ് | - എം.എൽ.എ, കാട്ടാക്കട |
| 2) | ശ്രീ. എ.പി. മുരളി | - ബഹു.സഹകരണം, ദേവസ്വം മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ നോമിനി |
| 3) | ശ്രീ. കിംരാജ്. ആർ | - നേമം എം.എൽ.എ യ്ക്കുവേണ്ടി PA to MLA |
| 4) | ശ്രീ. ശിവജി.ആർ.പി | - മെമ്പർ |
| 5) | ശ്രീമതി. സീമ. എസ്.ആർ | - നഗരഗ്രാമാസൂത്രണ വകുപ്പ് ജില്ലാ ടൗൺ പ്ലാനർക്കു വേണ്ടി ഡെപ്യൂട്ടി ടൗൺപ്ലാനർ |
| 6) | ശ്രീ. വി.മണിലാൽ | - എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD (Roads & Bridges) നുവേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ |
| 7) | ശ്രീ. വി. ജയപ്രകാശ് | - മെമ്പർ |
| 8) | ശ്രീ. സി. ലെനിൻ | - മെമ്പർ |
| 9) | ശ്രീ. എസ്.എസ്. രാജലാൽ | - മെമ്പർ |
| 10) | ശ്രീ. എ. ജെ. സുക്കാർണോ | - മെമ്പർ |
| 11) | ശ്രീമതി. ഷിജി.ഇ.ചന്ദ്രൻ | - മെമ്പർ സെക്രട്ടറി, ട്രിഡ. |

## തീരുമാനങ്ങൾ

1) 27.02.2019 തിയതിയിലെ ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് - സംബന്ധിച്ച്.

   27.02.2019 തിയതിയിലെ ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു.

2) 27.02.2019 തിയതിയിലെ ജനറൽ കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കിയത് - സംബന്ധിച്ച്.

   27.02.2019 തിയതിയിലെ ജനറൽ കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കിയത് അംഗീകരിച്ചു.

3) ട്രിഡ - ഭവന വായ്പ തിരിച്ചു കിട്ടാനുള്ള കുടിശ്ശിക കണക്കാക്കിയതിൽ 2010 -11, 2011 - 12 ലെ എ.ജി. ഓഡിറ്റ് പരാമർശമനുസരിച്ചുള്ള വ്യത്യാസം - സംബന്ധിച്ച്.

ഭവന വായ്പ കുടിശ്ശിക വരുത്തിയവരിൽ നിന്നും തിരികെ ലഭിയ്ക്കേണ്ട കുടിശ്ശിക കണക്കാക്കിയ രീതിയിലെ പിശക് A G ഓഡിറ്റ് ചൂണ്ടിക്കാണിച്ചത് ജനറൽ കൗൺസിൽ അംഗങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ട്രിഡ ഭവനവായ്പ നൽകിയ തുകയിൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന പ്രിൻസിപ്പൽ തുകയ്ക്കു മാത്രം പലിശ കണക്കാക്കിയും എന്നാൽ പിഴ പലിശ ഒഴിവാക്കിക്കൊണ്ടും കുടിശ്ശിക കണക്കാക്കേണ്ടതാണെന്ന് ജനറൽ കൗൺസിൽ അനുമതി നൽകി തീരുമാനിച്ചു.

4) ട്രിഡ - സർക്കാരിന്റെ ഭരണാനുമതി ലഭിച്ച വിവിധ പദ്ധതികളുടെ പുരോഗതി - സംബന്ധിച്ച്.

ട്രിഡയുടെ വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ജനറൽ കൗൺസിൽ മുമ്പാകെ ട്രിഡാ സെക്രട്ടറി അവതരിപ്പിച്ചു.തുടർന്ന് പദ്ധതികൾ എല്ലാം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണെന്ന് കൗൺസിൽ അഭിപ്രായപ്പെടുകയുണ്ടായി.

5) ട്രിഡ - എസ്റ്റാബ്ലിഷ്മെന്റ് ഷെഡ്യൂൾ അംഗീകാരം വാങ്ങുന്നത് - സംബന്ധിച്ച്.

ട്രിഡയുടെ 2019 ലെ എസ്റ്റാബ്ലിഷ്മെന്റ് ഷെഡ്യൂൾ ജനറൽ കൗൺസിൽ അംഗീകരിച്ചു.

യോഗം വൈകുന്നേരം 3.00 മണിയ്ക്ക് സമാപിച്ചു.

2/7/19

സെക്രട്ടറി

ചെയർമാൻ

LR/-